പിന്നാക്ക വിഭാഗ വികസന വകുപ്പ് കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ
നടപടി ഉത്തരവ്

**( ഹാജർ : ശ്രീ. അനിൽ.ജി (i/c) )**

വിഷയം : പിന്നാക്ക വിഭാഗ വികസനം - പരമ്പരാഗത കരകൗശല വിദഗ്ദർക്ക് പണിയായുധങ്ങൾക്കുള്ള ധനസഹായ പദ്ധതി - അപേക്ഷകരുടെ കരട് പട്ടിക തയ്യാറാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സ.ഉ.(സാധാ). നമ്പർ 84/2016/പിസവിവ തിയ്യതി 25.10.2016.
: 2) പിന്നാക്ക പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 31.10.2016 ലെ BCDD/A1/2587/2016 നമ്പർ വിജ്ഞാപനം.
: 3) പിന്നാക്ക പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 19.10.2017 ലെ BCDD/A1/2587/2016 നമ്പർ ഉത്തരവ്.

---

DDKKD/A2/1407/2016 തിയ്യതി : 15.11.2017

---

പിന്നാക്ക വിഭാഗ വികസന വകുപ്പ് 2016-17 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന പരമ്പരാഗത കരകൗശല വിദഗ്ദർക്ക് പണിയായുധങ്ങൾക്കുള്ള ധനസഹായ പദ്ധതിക്ക് പരാമർശം 2 പ്രകാരമുള്ള വിജ്ഞാപനത്തെ തുടർന്ന് കോഴിക്കോട് മേഖലാ ആഫീസിൽ 14229 അപേക്ഷകൾ ലഭ്യമായിരുന്നു. 2016-17 സാമ്പത്തിക വർഷം കുറഞ്ഞ കുടുംബ വാർഷിക വരുമാനം,കൂടിയ പ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് 1000 പേർക്ക് ആദ്യ ഗഡു തുക അനുവദിച്ചിരുന്നു.

കോഴിക്കോട് മേഖലാ ആഫീസിനു കീഴിലെ കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ ഏന്നീ ജില്ലകളിൽ നിന്നുള്ള അപേക്ഷകരുടെ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച്ആക്ഷേപങ്ങൾ പരിഹരിച്ച് തുക അനുവദിക്കുന്നതിന് പരാമർശം 3 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോഴിക്കോട് മേഖലാ ആഫീസിൽ ലഭ്യമായ അപേക്ഷകളിൽ ഇതിനോടകം പരിശോധിച്ച്, ആനുകൂല്യ വിതരണം നടത്തിയതും, കരാർ ഒപ്പ് വെച്ചതും, വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ അപേക്ഷകൾ ഒഴികെ അവശേഷിക്കുന്ന അപേക്ഷകരെ കുറഞ്ഞ കുടുംബ വാർഷിക വരുമാനം, കൂടിയ പ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് തയ്യാറാക്കിയ മുൻഗണനാ പട്ടികയുടെ കരട് അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. 60 വയസിൽ കൂടുതൽ പ്രായമുള്ളവരുടെ അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. കരട് പട്ടികയിലുൾപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

(മറുപുറം)

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കാസറഗോഡ് | 1034 |
| കണ്ണൂർ | 724 |
| കോഴിക്കോട് | 1897 |
| വയനാട് | 87 |
| മലപ്പുറം | 3390 |
| പാലക്കാട് | 3671 |
| തൃശൂർ | 1174 |
| **ആകെ** | **11977** |

ഒരേ കുടുംബത്തിൽ നിന്നും ഒന്നിലധികം പേർക്ക് ആനുകൂല്യം അനുവദിക്കുന്നതല്ല. കരട് പട്ടിക വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, 10 ദിവസത്തിനകം രേഖാമൂലം ലഭ്യമാകുന്ന ആക്ഷേപങ്ങൾ പരിഹരിച്ച് അന്തിമ മുൻഗണനാ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

ഒപ്പ്/-
ഡെപ്യൂട്ടി ഡയറക്ടർ (i/c)

പകർപ്പ്:
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
ഐ.ടി. ഡിവിഷൻ,പിന്നാക്ക വിഭാഗ വികസന വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോട്ടീസ് ബോർഡ്
കരുതൽ/അധികം